# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *142

22/03/2013 - ലെ മറുപടിയ്ക്ക്

## സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.എം. എ. വാഹിദ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര കാർഷിക ഇൻഷ്വറൻസ് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 17/03/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.55/2012/എഡി പ്രകാരം സംസ്ഥാനത്ത് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനോടൊപ്പം കർഷകർക്കുള്ള അപടക ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് ഒരു സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രൂപീകരണത്തിനായി 01/03/2013 ലെ സർക്കാർ ഉത്തരവ് നം.40/2013/എഡി പ്രകാരം അബാക്കസ് ലീഗൽ ഗ്രൂപ്പ് & എൽ.എം.ബി. കൺസൾട്ടൻസി സർവ്വീസ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ ഏൽപ്പിക്കുകയുണ്ടായി. ഇതിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| (ബി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | ഇൻഷ്വറൻസ് പരിരക്ഷ ഏതെല്ലാം സാഹചര്യങ്ങളിലാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | പുതിയ പദ്ധതിയിൽ എല്ലാത്തരത്തിലുള്ള പ്രകൃതി ക്ഷോഭങ്ങൾകൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾ, വന്യമൃഗങ്ങളുടെ ശല്യം കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾ, കീട രോഗബാധ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, വിലതകർച്ച, കാലാവസ്ഥാ വ്യതിയാനം എന്നിങ്ങനെ ഏതെല്ലാം രീതിയിൽ നഷ്ടമുണ്ടാകുന്നുവോ അവയെല്ലാം പരിഹരിക്കുന്നതിനുള്ള ഇൻഷ്വറൻസ് പരിരക്ഷയാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ? | (ഡി) | പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിനാണ് ഇൻഷ്വർ ചെയ്ത കർഷകർക്ക് ഇൻഷ്വറൻസ് പരിർക്ഷ ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ